# 5

# ക്രിസ്ത്യാനി ചെയ്യേണ്ടതായ "ഏക" കാര്യം

## (1:27- 30)

1:27–30 ൽ, പൗലൊസ് തത്വശാസ്ത്രത്തിൽനിന്നു പ്രായോഗികതയിലേക്ക് മാറുകയാണ്. പൗലൊസിനു വേദശാസ്ത്രം ഒരിക്കലും തിയറി മാത്രമായിരുന്നില്ല, അത് എല്ലായ്പോഴും വ്യക്തിപരവും പ്രായോഗികവുമായിരുന്നു. ഈ കാര്യത്തിൽ, താൻ എഴുതിയത് തന്റെ വായനക്കാർ മനസിലാക്കി അതിൽനിന്നും അവ അവരുടെ ജീവിതത്തെ സ്വാധീനിക്കണമെന്നും പൗലൊസ് ആഗ്രഹിച്ചു: ക്രിസ്തീയ ജീവിതം നയിക്കുവാൻ അവരെ പ്രേരിപ്പിക്കുകയായിരുന്നു (1:27), കൂടാതെ ധൈര്യത്തോടെ ക്രിസ്തീയ ജീവിതം നയിക്കുവാൻ പ്രോൽസാഹിപ്പിക്കുകയും ചെയ്തു (1:28–30).

### തത്വത്തിൽ കുലുങ്ങാതെ (1:27)

**27ഞാൻ നിങ്ങളെ വന്നു കണ്ടിട്ടോ ദൂരത്തിരുന്നു നിങ്ങളുടെ അവസ്ഥ കേട്ടിട്ടോ നിങ്ങൾ ഏകാത്മാവിൽ നിലനിന്നു എതിരാളികളിൽ ഒന്നിലും കുലുങ്ങി പോകാതെ ഏക മനസോടെ സുവിശേഷത്തിന്റെ വിശ്വാസത്തിനായി പോരാട്ടം കഴിക്കുന്നു എന്നു ഗ്രഹിക്കേണ്ടതിന്നു ക്രിസ്തുവിന്റെ സുവിശേഷത്തിന്നു യോഗ്യമാംവണ്ണം മാത്രം നടപ്പിൻ.**

**വാക്യം 27. ക്രിസ്തുവിന്റെ സുവിശേഷത്തിനു യോഗ്യമാംവണ്ണം മാത്രം നടപ്പിൻ.** താൻ ജീവിച്ചാലും മരിച്ചാലും ഫിലിപ്പിയരെ താൻ കണ്ടാലും ഇല്ലെങ്കിലും എന്നാണ് പൗലൊസ് വിവരിക്കുന്നത് (1:21–26). പിന്നെ, അവൻ തന്റെ സാഹചര്യത്തിൽനിന്ന് അവരുടെ സാഹചര്യത്തിലേക്ക് മാറി. ഫലത്തിൽ, അവൻ പറഞ്ഞു, "ഞാൻ വേഗത്തിൽ നിങ്ങളെ വന്നു കാണുവാൻ ആഗ്രഹിക്കുന്നു, പക്ഷെ ഞാൻ വന്നാലും വന്നില്ലെങ്കിലും, ഒന്നു ഞാൻ നിങ്ങളിൽനിന്ന് ആവശ്യപ്പെടുന്നു."

"മാത്രം" എന്നത് ഈ വാക്യത്തിൽ തർജിമ ചെയ്തിരിക്കുന്നത് *മോനോസ്* എന്ന ഗ്രീക്ക് ക്രിയാവിശേഷണമാണ്. വാക്കിന്റെ അർത്ഥം, "ഒരു നിയന്ത്രണ അടയാളമായി ... *മാത്രം, തനിയെ*"[1] ജെറാൾഡ് എഫ്. ഹാവ്ത്രോൺ "മാത്രവും എല്ലായ്പോഴും"[2] എന്ന് ആ വാക്ക് തർജിമ ചെയ്ത ശേഷം പറഞ്ഞു, "ഈ പുതിയ ഭാഗം പൗലൊസ് ആരംഭിക്കുന്നത് *മോനോൻ* എന്ന ക്രിയാവിശേഷത്തോടുകൂടിയാണ് ... കാരണം ക്രിസ്ത്യാനി ക്രിസ്തുവിന്റെ സുവിശേഷത്തിന് ... യോഗ്യമായിട്ടാണ് നടക്കേണ്ടത്"[3] വില്യം ബാർക്ലേ, തന്റെ തർജിമയിൽ, ആ വാക്കിനെ വിപുലമാക്കിയതിന്റെ അർത്ഥം "നിങ്ങൾ നോക്കേണ്ട ഒരു കാര്യം" എന്ന് എഴുതിയിട്ട് കുറിപ്പിൽ തന്റെ അഭിപ്രായമായി പറഞ്ഞത്: "എന്തു സംഭവിച്ചാലും, –ഒരു കാര്യം അത്യാവശ്യമായിട്ടുള്ളത് ... ഫിലിപ്പിയർ തങ്ങളുടെ

വിശ്വാസവും ജോലിയുമനുസരിച്ച് യോഗ്യമായി ജീവിക്കണം."[4]

*മോനോസ്* എന്നതിന്റെ വീക്ഷണമായി മറ്റു എഴുത്തുകാരും പറഞ്ഞിരിക്കുന്നു. അലെക് മോടിർ എഴുതി, "ഈ 'ഒരു കാര്യം മാത്രം,' എന്നു പൗലൊസ് പറഞ്ഞിരുന്നു എങ്കിൽ, ആ വാക്കിന്റെ ശക്തി പ്രബലമാകുമായിരുന്നു. എങ്കിൽ ആ വലിയ വിഷയത്തിൽനിന്ന് മറ്റൊന്നിലേക്ക് അവർ വ്യതിചലിക്കുമായിരുന്നില്ല. അതുമാത്രമാകുമായിരുന്നു അവരുടെ ജോലി ..."[5] ചാൾസ് ആർ. ഏർഡ്മാൻ എഴുതി, "ക്രിസ്ത്യാനിക്ക് നിയമം അല്ലെങ്കിൽ ജീവിതത്തിന്റെ പ്രമാണം എന്നു പറയുന്നത് 'സുവിശേഷത്തിന് യോഗ്യമായതാണ്.' "[6]

ഒരർത്ഥത്തിൽ, വിശ്വസ്തമായി കർത്താവിനെ അനുഗമിക്കുന്നതിനാവശ്യമായതൊക്കെ ഉൾപ്പെടുത്തി പൗലൊസ് ചുരുക്കി പറഞ്ഞു: "നിങ്ങൾ ചെയ്യേണ്ടതായ 'ഒരേ ഒരു കാര്യം' എന്തെന്നാൽ, 'ക്രിസ്തുവിന്റെ സുവിശേഷത്തിനു യോഗ്യമായി നടക്കുക.' " മീഖാ 6:8 ലേയും മത്തായി 22:37–39 ലേയും വാക്കുകൾ പോലെ, പൗലൊസിന്റെ വാക്കുകൾ മനസിലാക്കാവുന്നതാണ്. "സുവിശേഷത്തിനു യോഗ്യമായി" നടക്കുവാൻ സമർപ്പിക്കപ്പെട്ടവർ യജമാനൻ കൽപിച്ചതെല്ലാം പൂർണ്ണശക്തിയോടെ അനുസരിക്കും (ഫിലി. 2:12 നോക്കുക).

പൗലൊസ് പറഞ്ഞത് കൂടുതൽ പരിശോധിച്ചാൽ അവൻ പറഞ്ഞത്, "ക്രിസ്തുവിന്റെ സുവിശേഷത്തിനു യോഗ്യമായ രീതിയിൽ ജീവിക്കുക" എന്നാണെന്ന് വ്യക്തമാകുകയില്ലേ? "കണക്ട് യുവെഴ്സെൽവ്സ്" എന്നതിന് അസാധാരണമായ ഗ്രീക്കുവാക്കാണ് അപ്പൊസ്തലൻ ഉപയോഗിച്ചിരിക്കുന്നത്, *പോളിടെയുവോമായി.* അത് "പൊളിറ്റിക്സുമായി" ബന്ധപ്പെട്ടതാണ്. അതിന്റെ അർത്ഥം, "[നിങ്ങൾ] *പൗരന്മാരെ* പോലെ പെരുമാറുക" എന്നാണ്. ഏഎസ്വിയുടെ മൂല ഗ്രന്ഥത്തിൽ ഒരു കുറിപ്പ് ഉള്ളത്: "യോഗ്യരായ പൗരന്മാരെ പോലെ നടക്കുക; [3:20 മായി താരതമ്യം ചെയ്യുക]. ഏബിയിൽ "ക്രിസ്തുവിന്റെ സുവാർത്തക്ക് (സുവിശേഷം) അനുസരിച്ച് [ആയിരിക്കും] നിങ്ങളുടെ തീർച്ചയുള്ള നടപ്പ് [അതായത് ജീവിതം]." ലേഖനത്തിൽ പിന്നീട് പൗലൊസ് പറഞ്ഞു, "നമ്മുടെ പൗരത്വമോ സ്വർഗത്തിൽ ആകുന്നു." (3:20; എഫെ. 2:19 നോക്കുക). മൊഫാറ്റ് ഫിലിപ്പിയർ 3:20 തർജിമ ചെയ്തിരിക്കുന്നത് "നാം സ്വർഗീയ കോളനിക്കാർ" എന്നാണ്.

പൗലൊസിന്റെ വാക്ക് അനുമോദിക്കുവാൻ, ഫിലിപ്പിയ ഒരു റോമൻ കോളനി ആയിരുന്നു എന്നു മനസിലാക്കണം (പ്രവൃ. 16:12). "ഓരോ റോമൻ കോളനിയിലും വിദൂരമായിട്ടെങ്കിലും ഒരു റോമൻ ഏർപ്പാട് ഉണ്ടായിരിക്കും. ഒരു റോമാ പൗരൻ എവിടെയായിരുന്നാലും, താൻ ഒരു റോമാക്കാരനാണെന്ന കാര്യം ഒരിക്കലും മറക്കുകയില്ല."[7] "[അവൻ] റോമിൽനിന്നും അകലെ ആണെങ്കിലും, സംസാരിക്കുന്നത് ലാറ്റിൻ ആയിരിക്കും, ലാറ്റിൻ വസ്ത്രമായിരിക്കും ധരിക്കുന്നത്, ലാറ്റിൻപേരായ മജിസ്ട്രേറ്റ് എന്നും വിളിക്കുമായിരുന്നു."[8] ഫലത്തിൽ പൗലൊസ് ഫിലിപ്പിയരോട് പറഞ്ഞു, "റോമാ പൗരന്മാരായി ജീവിക്കുന്നതെങ്ങനെ എന്ന് നിങ്ങൾക്ക് അറിയാം; ഇനി സ്വർഗീയ പൗരന്മാരായി നടക്കുന്നതെങ്ങനെയെന്ന് ശീലിക്കുക. റോമാ പൗരന്മാരായിരിക്കുക എന്നത് വിശേഷതയുള്ളതാണെങ്കിൽ, സ്വർഗീയ പൗരന്മാരായി തീരുക എന്നത് *പ്രത്യേകത*യുള്ളവരാക്കുന്നതാണ്!"

സ്വർഗരാജ്യത്തിലെ പൗരന്മാരായി അവർ എങ്ങനെയാണ് നടക്കേണ്ടിയിരുന്നത്? "ക്രിസ്തുവിന്റെ സുവിശേഷത്തിനു യോഗ്യമായി." അവർ സുവിശേഷത്തിനു ബഹുമതി നൽകുന്നവിധത്തിൽ (എംഎസ്ജി), സുവിശേഷത്തിനു

ബഹുമാനം നൽകുന്ന വിധത്തിൽ (സിഇൗവി), മറ്റുള്ളവരെ സുവിശേഷത്തിലേക്ക് ആകർഷിക്കത്തക്കവണ്ണം.

ഇത്തരത്തിൽ നടക്കുവാൻ പൗലൊസ് ഫിലിപ്പിയരോട് പറഞ്ഞപ്പോൾ, പൗലൊസിന്റെ ഉള്ളിലുള്ളത് എന്തെന്ന് അവർക്ക് ഊഹിക്കേണ്ടി വന്നില്ല. അവൻ തുടർന്നു: **ഞാൻ നിങ്ങളെ വന്നു കണ്ടാലും ഇല്ലെങ്കിലും നിങ്ങൾ ഏകാത്മാവിൽ നിലനിന്ന് എതിരാളികളാൽ ഒന്നിലും കുലുങ്ങി പോകാതെ ഏകമനസോടെ പോരാട്ടം കഴിക്കണം.** "ആത്മാവ്" തർജിമ ചെയ്തിരിക്കുന്ന ഗ്രീക്കു വാക്ക് *ന്യൂമാ* എന്നാണ്; അതു പരിശുദ്ധാത്മാവിനെ പറയുന്നു; എന്നാൽ ഇവിടെ പറയുന്നത് മനുഷ്യരുടെ ആത്മാവിനെ ആയിരിക്കുവാനാണ് സാധ്യത. **ഏക മനസ്** എന്ന പ്രയോഗവും പൗലൊസ് നടത്തുന്നുണ്ട്. "മനസ്" എന്ന വാക്ക് തർജിമ ചെയ്തിരിക്കുന്നത് *സൂക്കെ* യുടെ രൂപഭേദമാണ്. അത് "സോൾ" എന്നതിനും പറയാം. തന്റെ വായനക്കാർ **സുവിശേഷത്തിന്റെ പോരാട്ടത്തിനായി ഏകാത്മാവിൽ ഉറച്ചിരിക്കുവാനാണ്** പൗലൊസ് ആഗ്രഹിച്ചത് ആ സഹോദരന്മാരെ വീണ്ടും സന്ദർശിക്കുവാൻ അവൻ താൽപര്യപ്പെട്ടിരുന്നു (1:25–27); എന്നാൽ അത് സംഭവിച്ചാലും ഇല്ലെങ്കിലും, അവർ കർത്താവിൽ വിശ്വസ്തരായിരിപ്പാൻ അവൻ ആഗ്രഹിച്ചിരുന്നു.

## ഉപദ്രവത്തിൽ ഭയപ്പെടാതെ (1:28-30)

**[28]ഇത് അവരുടെ നാശത്തിന്നും നിങ്ങളുടെ രക്ഷക്കും ഒരു അടയാളമാകുന്നു; [29]അത് ദൈവം തന്നെ വെച്ചതാകുന്നു. ക്രിസ്തുവിൽ വിശ്വസിപ്പാൻ മാത്രമല്ല, അവന്നു വേണ്ടി കഷ്ടം അനുഭവിപ്പാനും കൂടെ നിങ്ങൾക്ക് വരം നൽകിയിരിക്കുന്നു. [30]നിങ്ങൾ എങ്കൽ കണ്ടതും, ഇപ്പോൾ എന്നെ കുറിച്ചു കേൾക്കുന്നതുമായ അതേ പോരാട്ടം നിങ്ങൾക്കും ഉണ്ടല്ലോ.**

**വാക്യം 28.** പൗലൊസ് തുടർന്നു, **എതിരാളികളാൽ ഒന്നിലും കുലുങ്ങി പോകരുത്.** നാം ഒരു യുദ്ധത്തിലാണെങ്കിൽ, എതിരാളികൾ കാണും. മറ്റൊരു ഭാഗത്ത് നമ്മുടെ ആത്മിയ "എതിരാളികൾ," സാത്താനും അവന്റെ സഹപ്രവർത്തകരുമാണ് (എഫെ. 6:11, 12). എങ്ങനെയായാലും, ഒരു നിയമം എന്ന നിലയിൽ, പിശാച് ആളുകളിലാണ് പ്രവർത്തിക്കുന്നത് (മത്താ. 16:23; യോഹ. 6:70). ആ "എതിരാളികൾ" ആരായിരുന്നു എന്ന് നമുക്ക് തീർച്ചയില്ല, എന്നാൽ വാക്യം 30 ൽ അപ്പൊസ്തലൻ പറഞ്ഞത്, ഫിലിപ്പിയയിൽ തനിക്കു നേരിട്ടതും റോമയിൽ ഇപ്പോൾ "അനുഭവിച്ചുകൊണ്ടിരിക്കുന്നതുമായ അതേ പോരാട്ടമാണ്" ഫിലിപ്പിയയിലുള്ള സഹോദരന്മാർ നേരിടുന്നത് എന്നാണ്. ആ പട്ടണത്തിലെ പൗരന്മാരുടെ ഉപായത്താൽ സ്വാധീനിക്കപ്പെട്ട ഗവൺമെന്റ് ഉദ്യോഗസ്ഥരായിരുന്നു പൗലൊസിന്റെ എതിരാളികൾ (പ്രവൃ. 16:19–22). റോമിൽ, യെരുശലേമിലെ യെഹൂദന്മാരുടെ ഉപായത്താൽ സ്വാധീനിക്കപ്പെട്ട ഗവൺമെന്റ് ഉദ്യോഗസ്ഥരായിരുന്നു അവന്റെ എതിരാളികൾ (പ്രവൃ. 25:6–11). പ്രാഥമികമായും ഫിലിപ്പിയരുടെ "എതിരാളികൾ", ദയവില്ലാത്ത ഗവൺമെന്റ് ഉദ്യോഗസ്ഥരായിരുന്നു, അവരെ സ്വാധീനിച്ചിരുന്നത് അന്യദേവന്മാരെ നമസ്ക്കരിച്ചിരുന്നവരും ഫിലിപ്പിയയിലെ ചെറിയ യെഹൂദ സമൂഹവുമായിരുന്നു.

ഫിലിപ്പിയരുടെ "എതിരാളികൾ" ആരായിരുന്നാലും, പോരാട്ടം ചിലപ്പോൾ

അതിരു കവിഞ്ഞിരുന്നു. കാരണം പൌലൊസ് ഉത്തേജിപ്പിച്ചത്, അവരുടെ എതിരാളികളാൽ ഒന്നിലും "കുലുങ്ങി" പോകരുത് എന്നാണ്. "കുലുങ്ങുക" എന്നതിനു ഗ്രീക്കിൽ ഉപയോഗിച്ചിരിക്കുന്നത് (*പ്ടുറോ*യുടെ വകഭേദമാണ്) അർത്ഥം, "ഒരാളെ ഭീഷണിപ്പെടുത്തുക, ഭയപ്പെടുത്തുക, ഭീതിപ്പെടുത്തുക"[9] ("ഭീഷണിപ്പെടുത്തുക"; കെജെവി; "ഭയപ്പെടുത്തുക"; എൻഐവി). ആരംഭത്തിൽ ആ വാക്ക് മൃഗങ്ങളെ ഭയപ്പെടുത്തുവാനാണ് ഉപയോഗിച്ചിരുന്നത്, പ്രത്യേകിച്ച് കുതിരകളെ മെരുക്കുന്നതിന്, അല്ലെങ്കിൽ "നിയന്ത്രണമില്ലാതെ വിരണ്ടോടുന്ന കുതിരക്കൂട്ടത്തെ."[10] ഇടിമിന്നൽ ഉണ്ടാകുമ്പോൾ, കുതിരക്കൂട്ടങ്ങൾ പുൽപുറങ്ങളിൽനിന്നു വിരണ്ടോടുന്നത് മനസിലേക്ക് കൊണ്ടുവരിക. നിങ്ങൾക്ക് മാനുഷിക ചിത്രീകരണം ആവശ്യമെങ്കിൽ, യേശുക്രിസ്തുവിന്റെ ശിഷ്യന്മാർ ഗെദ്ശെമന തോട്ടത്തിൽ വെച്ച് "ഭയപ്പെട്ടോടിയതിനെ" ഓർക്കുക (മത്താ. 26:56). ആരും അവരെ ഭീഷണിപ്പെടുത്താതെ നോക്കുവാനായിരുന്നു പൌലൊസ് തന്റെ വായനക്കാരോട് അപേക്ഷിച്ചത്. യേശു ശിഷ്യന്മാരോട് പറഞ്ഞു, "എന്റെ സ്നേഹിതന്മാരായ നിങ്ങളോട് ഞാൻ പറയുന്നത്, ദേഹത്തെ കൊന്നിട്ട് പിന്നെ അധികമായി ഒന്നും ചെയ്യുവാൻ കഴിയാത്തവരെ ഭയപ്പെടേണ്ട" (ലൂക്കൊ. 12:4). എബ്രാ. 13:6 പറയുന്നു, "ആകയാൽ 'കർത്താവ് എനിക്കു തുണ ഞാൻ പേടിക്കയില്ല. മനുഷ്യൻ എന്നോട് എന്തു ചെയ്യും' " എന്നു ധൈര്യത്തോടെ പറയാം.

തങ്ങളുടെ വിശ്വാസം നിമിത്തം "കഷ്ടത" ഏറ്റപ്പോൾ ഫിലിപ്പിയർ കുലുങ്ങാതിരിക്കുന്നതിന് അവർക്ക് എന്തു സഹായമാണ് ലഭിക്കുക? അവരുടെ കാഴ്ച്ചപ്പാടിലേക്ക് പൌലൊസ് മൂന്നു സത്യങ്ങളാണ് നൽകുന്നത്. ഒന്ന്, ദൈവം അവരെ അംഗീകരിച്ചിരിക്കുന്നു എന്നാണ് കഷ്ടത തെളിയിക്കുന്നത്. അവർക്ക് **അത് നാശത്തിന്റേയും നിങ്ങൾക്കോ ദൈവത്തിൽനിന്നുള്ള *രക്ഷയുടേയും അടയാളമാണ്***[11] (എംഫസിസ് ആഡഡ്). ഉപദ്രവത്തെ ഫിലിപ്പിയർ തങ്ങൾ ബലഹീനരാണെന്നും, എതിരാളികൾ ശക്തരാണെന്നും ഉള്ള "അടയാളമായി" കാണണമായിരുന്നു–എന്നാൽ അപ്പൊസ്തലൻ ഫലത്തിൽ പറഞ്ഞു, "ഇല്ല, നിങ്ങളുടെ രക്ഷക്കുള്ള അടയാളമാണ് അത്!"

കൂടാതെ അവൻ പറഞ്ഞു, നിങ്ങളെ എതിർക്കുന്നവരുടെ "നാശത്തെ കാണിക്കുന്ന അടയാളം" കൂടെ ആണ് അത്. "സഭയെയും സുവിശേഷത്തെയും നിരന്തരമായി ഉപദ്രവിക്കൽ, കാരണം അത് രക്ഷയെ തടുക്കുന്നതിനു മാത്രമുള്ളതാകയാലാണ്."[12] അവർ കർത്താവിന്റെ സഭയെ ഉപദ്രവിക്കുന്നത് അവരുടെ "നാശത്തിനാണെന്ന്" അവരുടെ എതിരാളികൾക്ക് അറിയാമായിരുന്നോ? എൻഎഎസ്ബിയിൽ "അവർക്ക് വേണ്ടി" എന്നാണ്, ഗ്രീക്ക് വാക്ക് "അവർക്ക്" എന്നും തർജിമ ചെയ്യാവുന്നതാണ് (കെജെവിയും എൻഐവിയും നോക്കുക). ക്രിസ്ത്യാനികളെ ഉപദ്രവിക്കുന്നത്, അവിശ്വാസികൾക്ക് "അടയാള" *മായി* തീരുന്നതിനെ കുറിച്ച് ചർച്ച ചെയ്യുവാൻ ഇത് വഴി ഒരുക്കുന്നു. ക്രിസ്ത്യാനികൾ കുറ്റം ഒന്നും ചെയ്യാതിരുന്നതിനാൽ, അവരുടെ ഉപദ്രവകാരികൾ നിന്ന് തങ്ങൾ ചെയ്യുന്നത് ശരിയോ തെറ്റോ എന്നു ചിന്തിച്ചിരിക്കാം. തങ്ങൾ ഉപദ്രവിക്കുന്നത് ശരിയാണെന്നും, ക്രിസ്ത്യാനികളാണ് തെറ്റുകാരെന്നും ഉള്ള "അടയാളമായിട്ടാണ്" അവർ വിജയത്തെ വീക്ഷിച്ചത് എന്നതിനാണ് കൂടുതൽ സാധ്യത. എങ്ങനെയായാലും, ഓരോ ദിവസവും അവർ അങ്ങനെ നീങ്ങിക്കൊണ്ടിരുന്നത് നിത്യനാശത്തിലേക്കായിരുന്നു. "നിങ്ങൾ രക്ഷിക്കപ്പെടുമെന്നും നിങ്ങളുടെ എതിരാളികൾ നഷ്ടപ്പെടുമെന്നുമുള്ള" ഉറപ്പ് അവർ

അറിയണമെന്ന് പൗലൊസ് ആഗ്രഹിച്ചു (എൻസിവി).

**വാക്യം 29**. കർത്താവിനു വേണ്ടി കഷ്ടം ഏൽക്കുന്നത് നേട്ടമാണെന്നു കൂടെ ഫിലിപ്പിയർ അറിയുവാൻ പൗലൊസ് ആഗ്രഹിച്ചു. **ക്രിസ്തുവിൽ വിശ്വസിപ്പാൻ വേണ്ടി മാത്രമല്ല, അവന്നു വേണ്ടി കഷ്ടം അനുഭവിപ്പാനും കൂടെ നിങ്ങൾക്ക് വരം നൽകിയിരിക്കുന്നു**. "നൽകി" എന്നതിനുള്ള ഗ്രീക്ക് വാക്ക് (*കാരിസോമായി*യുടെ വകഭേദമാണ്) അത് "കൃപ" (*കാരിസ്*) എന്നതിന്റെ മൂല വാക്കിൽനിന്നുള്ളതാണ്. അതിനർത്ഥം, "*സൗജന്യമായ* ... ഉപകാരം ചെയ്യുക."[13] കർത്താവ് തരുന്ന രണ്ട് വരങ്ങളെയാണ് ഇവിടെ പറഞ്ഞിരിക്കുന്നത്. ഒന്ന്, വിശ്വസിക്കുന്ന വരം. വിശ്വാസം ജനിപ്പിക്കുന്ന വചനം എന്ന ബൈബിൾ നമുക്ക് "നൽകിയിരിക്കുന്നത്" വരമായിട്ടാണ് (റോമർ 10:17), കൂടാതെ അതു മനസിലാക്കുവാൻ കഴിവുള്ള മനസും നൽകിയിരിക്കുന്നു (എഫെ. 5:17). വിശ്വാസമെന്ന വരത്തിനായി ദൈവത്തിനു നന്ദി ചെലുത്താം! വിശ്വാസം മൂലം നാം ദൈവത്തിന്റെ കൃപയെ ശരിയായി ഉപയോഗിക്കുകയും (എഫെ. 2:8, 9) ഓരോ ദിവസവും നമ്മെ അതു നിലനിർത്തുകയും ചെയ്യുന്നു. "ഉയരത്തിൽനിന്നു" ലഭിക്കുന്ന "നല്ല" ദാനങ്ങളിൽ ഒന്നാണ് വിശ്വാസം (യാക്കൊ. 1:17).

ഇവിടെ പറഞ്ഞിരിക്കുന്ന മറ്റൊരു വരമാണ് ക്രിസ്തുവിനു വേണ്ടി കഷ്ടം അനുഭവിക്കുക എന്നത്. ഇതിനെ "ആഗ്രഹിക്കാത്ത വരം" എന്നാണ് വിളിച്ചിരിക്കുന്നത്. എന്നിരുന്നാലും, ബൈബിൾ പഠിപ്പിക്കുന്നത് കഷ്ടത ക്രിസ്ത്യാനിയുടെ ജീവിതാനുഭവത്തിന്റെ ഭാഗമാണെന്നാണ്–കഷ്ടത അനുഭവിക്കുന്നത് വിലയുള്ളതുമാണ്.[14] കഷ്ടതയെ വിശ്വാസത്താൽ നാം നേരിടുമ്പോൾ, ഫലം ക്രിസ്തീയ വളർച്ചയാണ്.

എങ്ങനെയായാലും, വെറുതെ കഷ്ടത ഏൽക്കുന്നതിനാലല്ല, മറിച്ച് –"അവന്നു വേണ്ടി"–ക്രിസ്തുവിനു വേണ്ടി കഷ്ടത അനുഭവിക്കുമ്പോഴാണ് അനുഗ്രഹം ലഭിക്കുന്നത് എന്നു മനസിലാക്കുക. പത്രൊസ് എഴുതി, "നിങ്ങളിൽ ആരും കുലപാതകനോ, കള്ളനോ, ദുഷ്പ്രവൃത്തിക്കാരനോ ആയിട്ടല്ല കഷ്ടം സഹിക്കേണ്ടത്; പരക്കാര്യത്തിൽ ഇടപെടുന്നവനുമായിട്ടല്ല; ക്രിസ്ത്യാനിയായിട്ട് കഷ്ടം സഹിക്കേണ്ടി വന്നാലോ ലജ്ജിക്കരുത്. ഈ നാമം [ക്രിസ്തുവിന്റെ] നാമം ധരിച്ചിട്ട് ദൈവത്തെ മഹത്വപ്പെടുത്തുകയത്രെ വേണ്ടത്" (1 പത്രൊ. 4:15, 16). ക്രിസ്തുവിനു വേണ്ടി കഷ്ടം അനുഭവിക്കുന്നത് ഭാഗ്യമാണ്. യേശു പറഞ്ഞു,

> നീതി നിമിത്തം ഉപദ്രവിക്കപ്പെടുന്നവർ ഭാഗ്യവാന്മാർ; സ്വർഗരാജ്യം അവർക്കുള്ളത്.
>
> എന്റെ നിമിത്തം നിങ്ങളെ പഴിക്കയും ഉപദ്രവിക്കയും നിങ്ങളെക്കൊണ്ട് എല്ലാ തിന്മയും കളവായി പറകയും ചെയ്യുമ്പോൾ നിങ്ങൾ ഭാഗ്യവാന്മാർ. സ്വർഗത്തിൽ നിങ്ങളുടെ പ്രതിഫലം വലുതാകകൊണ്ട് സന്തോഷിപ്പിൻ. നിങ്ങൾക്കു മുമ്പെയുണ്ടായിരുന്ന പ്രവാചകന്മാരെയും അവർ അങ്ങനെ തന്നെ ഉപദ്രവിച്ചുവല്ലോ (മത്താ. 5:10–12).

**വാക്യം 30**. കഷ്ടത അനുഭവിക്കുമ്പോൾ, ഫിലിപ്പിയർക്ക് നല്ല കൂട്ടുകെട്ടാണ് ലഭിക്കുന്നത് എന്നും ഫിലിപ്പിയർ അറിയുവാൻ പൗലൊസ് ആഗ്രഹിച്ചു. **നിങ്ങൾ എങ്കൽ കണ്ടതും ഇപ്പോൾ എന്നെ കുറിച്ച് കേൾക്കുന്നതുമായ അതേ പോരാട്ടം നിങ്ങൾക്കും ഉണ്ടല്ലോ**. "പോരാട്ടം" എന്നത് തർജിമ ചെയ്തിരിക്കു

ന്നത് (*ഗോൺ* എന്നതിന്റെ വകഭേദമാണ്), അതേ ഗ്രീക്കുവാക്കിൽനിന്നാണ് നമുക്ക് ലഭിക്കുന്ന "ആഗണി" എന്ന ഇംഗ്ലീഷ് വാക്ക് ലഭിച്ചത്. പുരാതന പയറ്റുകാർ രംഗത്ത് വന്നു ഭയങ്കര യുദ്ധം ചെയ്യുന്നതിനെ വിവരിക്കുന്നതിനായിരുന്നു ആ വാക്ക് ഉപയോഗിച്ചിരുന്നത്.[15] പൗലൊസ് ഫിലിപ്പിയയിൽ അനുഭവിച്ചപ്പോൾ അവിടെയുള്ളവരുടെ മനസിൽ ഈ ചിത്രമായിരിക്കും വന്നിരിക്കുക. (ഈ ലേഖനം ഫിലിപ്പിയ സഭയിൽ വായിച്ചു കേട്ടപ്പോൾ കാരാഗൃഹപ്രമാണിയുടെ മുഖത്ത് തെളിഞ്ഞ ജാള്ള്യത നിങ്ങൾക്ക് കാണുവാൻ കഴിയുന്നുണ്ടോ?) ഇപ്പോൾ അതേ രീതിയിലുള്ള പോരാട്ടമാണ് അനുഭവിക്കുന്നത്. അവർ മാത്രമല്ല–അവനും അത് അനുഭവിച്ചതാണെന്ന്–അവർ മനസിലാക്കണം.

അവർ തങ്ങളുടെ ക്രിസ്തീയ ജീവിതം ധൈര്യത്തോടെ നയിക്കുവാൻ പൗലൊസ് അവരെ അതു ബോധ്യപ്പെടുത്തുകയായിരുന്നു: പൗലൊസിനുണ്ടായ "അതേ പോരാട്ടം" (ഉപദ്രവം) അവർക്കും ഉണ്ടായിരിക്കുന്നു, അങ്ങനെ അവരും അതേ തീർപ്പിലെത്തണം: "നാം ജീവിച്ചാലും, മരിച്ചാലും അത് ദൈവനാമ മഹത്വത്തിനായി തീരണം!" പൗലൊസ് ഭയപ്പെട്ടിരുന്നില്ല, അതുകൊണ്ട് അവർ ഭയപ്പെടേണ്ട ഒരു കാര്യവുമില്ല.

## പ്രായോഗികത

### നിങ്ങളുടെ പൗരത്വത്തെ ആദരിക്കുക (1:27)

സ്വർഗരാജ്യത്തിന്നു യോഗ്യമായി നടപ്പിൻ എന്ന് പൗലൊസ് ഫിലിപ്പിയരെ പ്രബോധിപ്പിച്ചത്, അമേരിക്കയിലുള്ള ചിലർ ഞാൻ ആസ്ട്രേലിയയിൽ താമസിച്ചപ്പോൾ സന്ദർശിച്ചതാണ് എന്റെ ഓർമ്മയിലേക്ക് ഓടി വരുന്നത്. അവിടെയുള്ളവർ ഭൂരിഭാഗവും സ്നേഹമുള്ളവവരായിരുന്നു, എന്നാൽ കുറച്ചുപേർ എന്റെ മാതൃദേശത്തെ പ്രതിനിധീകരിക്കുന്ന ദരിദ്രരായിരുന്നു. അവർ ഞങ്ങളുടെ ആരാധനക്കു വന്നപ്പോൾ, ആസ്ട്രേലിയയിലെ ആഹാരത്തെ കുറിച്ചും ആചാരത്തെ കുറിച്ചും ഉച്ചത്തിൽ പരാതിപ്പെട്ടു. അവർ അമേരിക്കയിൽനിന്നു വന്ന അതിഥികളാണെന്ന് അവിടത്തെ എന്റെ സഹോദരീസഹോദരന്മാർ അറിഞ്ഞിരുന്നതുകൊണ്ട് എനിക്ക് അൽപം ലജ്ജ തോന്നി. അവരുടെ പൗരത്വത്തെ മാനിച്ചുകൊണ്ടുള്ള മനോഭാവം ആയിരുന്ന*ില്ല* അത്.

നാം ജീവിച്ചിരിക്കുമ്പോൾ, നമുക്ക് തീരുമാനങ്ങൾ എടുക്കേണ്ടതായും പ്രശ്നങ്ങൾ പരിഹരിക്കേണ്ടതായും വരും. ചില കാര്യങ്ങളിൽ നാം ചെയ്യേണ്ടത് തിരുവെഴുത്തിൽ വ്യക്തമായി പറയും; മറ്റു ചിലപ്പോൾ നാം തിരുവെഴുത്തിലെ പൊതുവായ തത്വത്തിൽ ആശ്രയിക്കണം. ജീവിതത്തിലെ വെല്ലുവിളികൾ നേരിടുമ്പോൾ ഈ ചോദ്യങ്ങൾക്ക് ഉത്തരങ്ങൾ തന്നു നമ്മെ സഹായിക്കുന്നു: "ഈ സാഹചര്യത്തിൽ ഒരു *സ്വർഗീയ പൗരൻ* എന്തു ചെയ്യും? *സ്വർഗീയ പൗരൻ* എങ്ങനെ പ്രവർത്തിക്കും?" നിങ്ങൾ ഒരു ക്രിസ്ത്യാനി ആണെങ്കിൽ, നിങ്ങൾ പ്രത്യേകതയുള്ള ആളാണെന്ന കാര്യം മറക്കരുത്–കാരണം നിങ്ങൾ ദൈവരാജ്യത്തിലെ പൗരനാണ്!

### ക്രിസ്തീയ നടപ്പിന്റെ ചുരുക്കം (1:27)

തിരുവെഴുത്തിൽ കൂടെകൂടെ ഒരു ദൈവ പൈതലിന്നു സ്വർഗസ്ഥനായ പിതാവിനോടുള്ള ഉത്തരവാദിത്തത്തെ ഓർപ്പിക്കുന്നുണ്ട്. ഉദാഹരണമായി, പഴയനിയമത്തിൽ മീഖാ എഴുതി, "ന്യായം പ്രവർത്തിപ്പാനും ദയാതൽപരനാ

യിരിപ്പാനും നിന്റെ ദൈവസന്നിധിയിൽ താഴ്മയോടെ നടപ്പാനും അല്ലാതെ എന്താകുന്നു യഹോവ നിന്നോട് ചോദിക്കുന്നത്?" (മീഖാ. 6:8). യിസ്രായേൽ ജനം മോശെയുടെ ന്യായപ്രമാണത്തിൽനിന്ന് അവരുടെ റബ്ബിമാർ പഠിപ്പിച്ച മറ്റു അറുനൂറി–ലധികം നിയമങ്ങൾ മറന്നിരുന്നു എന്നാണോ ദൈവശ്വാസി യനായിരുന്ന മീഖാ അർത്ഥമാക്കിയത്? അല്ലേ അല്ല. ആ ന്യായപ്രമാണത്തെ കുറിച്ച് (മത്താ. 5:17, 18) യേശു പറഞ്ഞു, "ഈ ഏറ്റവും ചെറിയ കൽപനക ളിൽ ഒന്ന് അഴിക്കയും മനുഷ്യരെ അങ്ങനെ പഠിപ്പിക്കുകയും ചെയ്യുന്നവൻ സ്വർഗരാജ്യത്തിൽ ഏറ്റവും ചെറിയവൻ എന്നു വിളിക്കപ്പെടും; അവയെ ആചരിക്കയും പഠിപ്പിക്കയും ചെയ്യുന്നവനോ സ്വർഗരാജ്യത്തിൽ വലിയവൻ എന്നു വിളിക്കപ്പെടും" (മത്താ. 5:19).

ക്രിസ്തുവും ന്യായപ്രമാണത്തെ ചുരുങ്ങിയ വാക്കുകളിൽ ഒതുക്കിയി രുന്നു: " 'നിന്റെ ദൈവമായ കർത്താവിനെ നീ പൂർണ്ണഹൃദയത്തോടും പൂ ർണ്ണാത്മാവോടും പൂർണ്ണമനസോടും കൂടെ സ്നേഹിക്കേണം.' ഇതാകുന്നു ഒന്നാമത്തേതും വലിയതുമായ കൽപന, രണ്ടാമത്തേത് അതിനോട് സമം. 'കൂട്ടുകാരനെ നിന്നെപ്പോലെ തന്നെ സ്നേഹിക്കേണം' " (മത്താ. 22:37–39). അതിനർത്ഥം കേൾവിക്കാർ ദൈവം വെളിപ്പെടുത്തിയ മറ്റെല്ലാ കൽപനക ളെയും അവഗണിക്കണം എന്നാണോ? അല്ല. ദൈവവും മനുഷ്യരുമായുള്ള ബന്ധത്തിൽ ഉള്ള കൽപനകളെല്ലാം ചുരുക്കി പറഞ്ഞിരിക്കുന്നു എന്നു മാത്രം. മത്തായി 22:37–39 ലെ തത്വം നിങ്ങൾ സ്വീകരിച്ചുകഴിഞ്ഞാൽ, കർത്താവിന്റെ മറ്റെ*ല്ലാ* കൽപനകളും നിങ്ങൾ അനുസരിക്കുക തന്നെ ചെയ്യും (മത്താ. 7:21–23; യോഹ. 14:15; എബ്രാ. 5:9; 1 യോഹ. 5:3).

**ഐക്യത (1:27)**

ഐക്യത വളരെ പ്രധാനമാണ്! നാം *മറ്റുള്ളവരോടൊപ്പം* ഐക്യതക്ക് ആവശ്യമായതെല്ലാം ചെയ്യുകയാണെങ്കിൽ അത് എളുപ്പമാണ്. വാക്യത്തിൽ "ഒരുമിച്ചു പോരാടുക"[16] എന്നുള്ളത് ആദ്യ വേദഭാഗത്തിൽ, സമാന്തരപ്രയോ ഗമാക്കിയിരിക്കുന്നത്, " 'പൊതുവായ ഉദ്ദേശത്തിനായി ഒന്നിച്ചു പയറ്റുക.' അത് പൗലൊസ് ഒരു വശത്തു നിന്നു, 'നമുക്ക് ഒത്തൊരുമിച്ചുള്ള കൂട്ടായ പ്രവർത്തനങ്ങളിൽ ചിലത് നോക്കാം!' " എന്നു പറയുന്നതുപോലെയാണ്.[17]

ലോകം അവനോട് എന്തു ചെയ്താലും, ഒരു ദൈവപൈതൽ *കുലുങ്ങാ തിരിക്കണം. ഉറച്ചു* നിൽപാനാണ് പൗലൊസ് ഫിലിപ്പിയയിലുള്ള ക്രിസ്ത്യാനി കളെ പ്രബോധിപ്പിച്ചത് (1 കൊ. 16:13; എഫെ. 6:11, 13, 14; 1 തെസ്സ. 3:8; 2 തെസ്സ. 2:15). ജീവനും–മരണത്തിനും–ഇടക്കുള്ള ആത്മിയ വിഷമസന്ധിയിലാണ് നാം (എഫെ. 6:10–17; 2 കൊ. 10:4). താൻ ഇപ്പോഴും "പോരാടി" ക്കൊണ്ടിരിക്കുന്ന തും, മുൻപ് താൻ "പോരാടുന്നത്" കണ്ടിട്ടുള്ള ഫിലിപ്പിയരോട് അതേ "പോ രാട്ടം" കഴിപ്പാനായിരുന്നു പൗലൊസ് ആവശ്യപ്പെട്ടത് (ഫിലി. 1:30; സിജെ ബി). അതേ സമയം, ലോകം എല്ലായ്പോഴുമെന്ന പോലെ, ക്രിസ്ത്യാനിത്വ ത്തിനു ശത്രുത തന്നെ നിലനിർത്തിക്കൊണ്ടിരുന്നു.[18] നിങ്ങളുടെ വിശ്വാസം ആക്രമിക്കപ്പെട്ടേക്കാം. നിങ്ങളുടെ നിലവാരത്തേയും ബോധ്യത്തേയും പ രിഹസിച്ചേക്കാം. നിങ്ങളുടെ ബലഹീനത അറിയാവുന്ന സാത്താൻ നിങ്ങ ളെക്കൊണ്ട് തെറ്റു ചെയ്യിക്കും. ചിലപ്പോൾ, ജീവിതം അതിരുകവിയുന്നതായി അനുഭവപ്പെട്ടേക്കാം. ഏതു സാഹചര്യത്തിലായാലും, നിങ്ങളെ കർത്താവിനോ ട് അടുത്തു ചെന്നു ഉറച്ചു നിൽക്കുവാനാണ് പൗലൊസ് പ്രബോധിപ്പിക്കുന്നത്

(4:1; 1 പത്രൊ. 5:7 നോക്കുക).

"സുവിശേഷത്തിന്റെ വിശ്വാസം" ആണ് ഒരു പോർക്കളം. യേശുവിൽ കേന്ദ്രീകരിച്ചിട്ടുള്ള ഉപദേശരൂപത്തിലുള്ള ഒന്നിനെയാണ് "വിശ്വാസം" എന്നു പറഞ്ഞിരിക്കുന്നത്–അതായത്, പുതിയ നിയമം. സുവിശേഷത്തിലുള്ള വിശ്വാസം പലപ്പോഴായി ആക്രമിക്കപ്പെട്ടിട്ടുണ്ട്. അതിനെ നിന്ദിക്കുന്നവരുണ്ട്, അതിനെ വില കുറച്ചു കാണുന്നവരുണ്ട്. അതിനെ നിഷേധിക്കുന്നവരും, ത്യജിക്കുന്നവരും, നശിപ്പിക്കുന്നവരും ഉണ്ട്. നിങ്ങളും ഞാനും അതനുസരിക്കുന്നവരായിരിക്കണം (അതായത് അങ്ങനെ *ജീവിക്കുന്നവർ*), അതിന്നുവേണ്ടി മരിക്കുവാനും തയ്യാറാകണം! അതിനെ പ്രഖ്യാപിക്കുകയും, പ്രതിരോധിക്കുകയും വേണം. "വിശുദ്ധന്മാർക്ക് ഒരിക്കലായി ഭരമേൽപിച്ചിരിക്കുന്ന വിശ്വാസത്തിനായി" നാം പോരാടണം (യൂദാ. 3).

### തീർത്ഥാടകർ എങ്ങനെ ജീവിക്കുന്നു (1:27–30)

*വ്യക്തിത്വത്തിൽ പ്രത്യേകതയുള്ളവരാകുക* (1:27). ഫലത്തിൽ, പൗലൊസ് പറഞ്ഞത്, "റോമാ പൗരന്മാരായി ജീവിക്കുക എന്നാൽ എന്താണെന്നു നിങ്ങൾക്ക് അറിയാമല്ലൊ; ഇപ്പോൾ സ്വർഗീയരാജ്യത്തിനു പ്രത്യേകതയുള്ളവരായി ജീവിക്കുക."

*തത്വത്തിൽ ഇളകാതിരിക്കുക* (1:27, 30). ആ സഹോദരന്മാർ ഏകാത്മാവിലും ഏകമനസിലും യോജിച്ചിരിക്കുകയായിരുന്നു.

*ഉപദ്രവങ്ങളിൽ ഭയപ്പെടാതെ* (1:28–30). തന്റെ വായനക്കാർ എതിരാളികളാൽ ഒന്നിലും കുലുങ്ങിപ്പോകാതെ, കഷ്ടതയിലും തന്റെ വിശ്വസ്തമായ മാതൃക പിൻപറ്റുവാനായിരുന്നു പൗലൊസ് ആഗ്രഹിച്ചത്.

### ഐക്യതക്കുള്ള ആവശ്യം (1:27)

ഐക്യതയുടെ ആവശ്യം പൗലൊസ് 1:27 ൽ മൂന്നു പ്രാവശ്യം പറഞ്ഞിരിക്കുന്നു:

1. തന്റെ വായനക്കാർ *മനോഭാവത്തിൽ* യോജിച്ചിരിക്കുവാൻ പൗലൊസ് ഊന്നി പറഞ്ഞിരിക്കുന്നു: "ഏകാത്മാവിൽ."
2. *ശ്രദ്ധയിൽ* അവർ യോജിച്ചിരിക്കുവാൻ അവൻ പറഞ്ഞു: "ഏകമനസോടുകൂടെ."
3. *പ്രവൃത്തിയിൽ* അവർ യോജിച്ചിരിക്കുവാൻ അവൻ ആഗ്രഹിച്ചു: "ഒന്നിച്ചു പോരാടുക."

### ക്രിസ്ത്യാനിയായിട്ട് കഷ്ടം ഏൽക്കുക (1:29, 30)

കഷ്ടത ദൈവം–അംഗീകരിക്കുന്നു എന്നതിന്റെ തെളിവല്ല; എന്നാൽ നിങ്ങൾ ഒരു ക്രിസ്ത്യാനിയായി തീർന്നതിനാൽ കഷ്ടത ഏൽക്കുകയാണെങ്കിൽ, നിങ്ങൾ ശരിയായതായിരിക്കണം ചെയ്യുന്നത്! ഈ തിരുവെഴുത്ത് നമ്മെ ആശ്വസിപ്പിക്കുന്നതാണ്: "ദൈവം നിങ്ങൾക്ക് അനുകൂലമെങ്കിൽ, നമുക്ക് പ്രതികൂലമാർ?" (റോമർ 8:31; സിഇൗവി).

2 തിമൊഥെയൊസിന്റെ ലേഖനത്തിൽ പൗലൊസ് എഴുതി, "ദൈവഭക്തിയോടെ ജീവിപ്പാൻ മനസുള്ളവർക്കെല്ലാം ഉപദ്രവം *ഉണ്ടാകും*" (2 തിമൊ. 3:12; എംഫസിസ് ആഡഡ്). അതു നിങ്ങൾക്കു സംഭവിക്കുമ്പോൾ നിങ്ങളെ

ആശ്വസിപ്പിക്കുവാനും ശക്തിപ്പെടുത്തുവാനും മൂന്നു സത്യങ്ങൾ നൽകിയിരിക്കുന്നു: (1) ദൈവം–നിങ്ങളെ അംഗീകരിക്കുന്നു എന്നു നിങ്ങളുടെ കഷ്ടത സൂചിപ്പിക്കുന്നു. (2) കർത്താവിനു വേണ്ടി കഷ്ടമേൽക്കുന്നത് ഭാഗ്യമാണ്. (3) നീതിക്കുവേണ്ടി നിങ്ങൾ കഷ്ടതയേൽക്കുന്നതിനാൽ നിങ്ങൾക്ക് നല്ല കൂട്ടുകെട്ടുണ്ട് (മത്താ. 5:12).

---

കുറിപ്പുകൾ

[1]വാൾട്ടർ ബാവർ, *ഏ ഗ്രീക്ക്-ഇംഗ്ലീഷ് ലെക്സിക്കൻ ഓഫ് ദ ന്യു ടെസ്റ്റമെന്റ് ആന്റ് അദർ ഏർലി ക്രിസ്ത്യൻ ലിറ്ററേച്ചർ*, 3ഡ്. എഡി., റെവ. ആന്റ് എഡി. ഫ്രെഡറിക് വില്യം ഡാങ്കർ (ഷിക്കാഗോ: യൂണിവേഴ്സിറ്റി ഓഫ് ഷിക്കാഗോ പ്രസ്, 2000), 1019–20. [2]ജെറാൾഡ് എഫ്. ഹാവ്ത്രോൺ, *ഫിലിപ്പിയൻസ്*, വേർഡ് ബിബിളിക്കൽ കമെന്ററി വാല്യം. 43 (വാക്കോ, ടെക്സ്.: വേർഡ് ബുക്സ്, 1983), 54. [3]ഇബിഡ്., 55. [4]വില്യം ബാർക്ലേ, *ദ ലെറ്റേഴ്സ് ടു ദ ഫിലിപ്പിയൻസ്, കൊലൊഷ്യൻസ് ആന്റ് തെസലൊണിയൻസ്*, റെവ. എഡി., ദ ഡെയിലി സ്റ്റഡി ബൈബിൾ സീരീസ് (ഫിലദെൽഫിയ: വെസ്റ്റ്മിനിസ്റ്റർ പ്രസ്, 1975), 29. [5]അലെക് മോട്ടിർ, ദ മെസേജ് ഓഫ് ഫിലിപ്പിയൻസ്: ജീസസ് അവർ ജോയ്, ദ ബൈബിൾ സ്പീക്സ് ടുഡേ (ഡൗണേഴ്സ് ഗ്രോവ്, Ill.: ഇന്റർ–വാഴ്സിറ്റി പ്രസ്, 1984), 92. [6]ചാൾസ് ആർ. ഏർഡ്മാൻ, *ദ എപ്പിസ്റ്റിൽ ഓഫ് പേ ാൾ ടു ഫിലിപ്പിയൻസ്* (ഫിലദെൽഫിയ: ദ വെസ്റ്റ്മിനിസ്റ്റർ പ്രസ്, 1932; റീപ്രിന്റ്, ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1983), 71. [7]മാക്സി ഡി. ഡുനാം, *ഗലേഷ്യൻസ്, എഫെഷ്യൻസ്, ഫിലിപ്പിയൻസ്, കൊലൊഷ്യൻസ്, ഫിലെമോൻ*, ദ കമ്മ്യൂണിക്കേറ്റേഴ്സ് കമെന്ററി (വാക്കോ, ടെക്സ്.: വേർഡ് ബുക്സ്, 1982), 272. [8]ബാർക്ലേ, 30. [9]ബാവർ, 895. [10]ജോൺ ഏ. നൈറ്റ്, വില്യം എം. ഗ്രെയിറ്റ്ഹൗസ്, ആന്റ് ജെ. ഫ്രെഡ് പാർക്കർ, *ഫിലിപ്പിയൻസ്, കൊലൊഷ്യൻസ്, ഫിലെമോൻ*, ദ ബീക്കൺ ബൈബിൾ എക്സ്പൊസിഷൻസ് (കൻസാസ് സിറ്റി, മോ.: ബീക്കൺ ഹിൽ പ്രസ്, 1985), 57.

[11]"അടയാളം" എന്നതിന്റെ ഗ്രീക്ക് വാക്ക് (*എൻഡെയിക്സിസ്*) അക്ഷരികമായ അർത്ഥം " 'ഒരു ചൂണ്ടിക്കാട്ടൽ' പിന്നെ ... അതിന്റെ അർത്ഥം വന്നത്, 'പ്രദർശനം അല്ലെങ്കിൽ തെളിവ്' " (ജെയിംസ് എം. ടോൾ *നോട്ട്സ് ഓൺ ഫിലിപ്പിയൻസ്* [സാൻ ഫെർണാണ്ഡോ, കാലിഫ്.: ടോൾ പബ്ലിക്കേഷൻസ്, 1972], 24). [12]റിച്ചാർഡ് ബി. കഫീൻ, ജൂനിയർ., നോട്ട്സ് ഓൺ ഫിലിപ്പിയൻസ്, *ദ എൻഐവി സ്റ്റഡി ബൈബിൾ*, എഡി. കെന്നെത്ത് ബാർക്കർ (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: സോണ്ടർവാൻ പബ്ലിഷിങ് ഹൗസ്, 1985), 1804. [13]*ദ അനലിറ്റിക്കൽ ഗ്രീക്ക് ലെക്സിക്കൻ* (ലണ്ടൻ: സാമുവെൽ ബാഗ്സ്റ്റർ ആന്റ് സൺസ്, ലിമിറ്റഡ്., 1971), 433–34. [14]യോഹ. 16:33; പ്രവൃ. 5:41; 14:22; റോമ. 5:3–5; 2 തെസ്സ. 1:4, 5; എബ്രാ. 12:5–7, 11; യാക്കൊ. 1:2–4; 1 പത്രൊ. 3:14; 4:12–14 നോക്കുക. [15]*അനലിറ്റിക്കൽ ഗ്രീക്ക് ലെക്സിക്കൻ*, 6; ആവൻ മലോൺ, *പ്രെസ് ടു ദ പ്രൈസ്: സ്റ്റഡീസ് ഓൺ ഫിലിപ്പിയൻസ്*, (നാഷ്വില്ലേ:20ത് സെഞ്ചുറി ക്രിസ്റ്റ്യൻ, 1991), 47. [16]ഈ പ്രയോഗം ഗ്രീക്കിൽ സംയുക്തവാക്ക് *സുനാത്ത്‌ലെയോ* എന്നും അർത്ഥം, *സൺ* ("കൂടെ") എന്നും (*അത്‌ലെയോ*, യിൽനിന്നാണ് ഇംഗ്ലീഷ് വാക്ക് "അത്‌ലീറ്റ്" എന്നും "അത്‌ലെറ്റിക്" എന്നും ലഭിച്ചിരിക്കുന്നത് അർത്ഥം "ഒരു കായികാഭ്യാസി പോരാടുന്നതുപോലെ പോരാടൽ.") (*അനലിറ്റിക്കൽ ഗ്രീക്ക് ലെക്സിക്കൻ*, 8, 385). [17]മലോൺ, 45. [18]ജെയിംസ് ബർട്ടൻ കോഫ്മാൻ, *കമെന്ററി ഓൺ ഗലേഷ്യൻസ്, എഫെഷ്യൻസ്, ഫിലിപ്പിയൻസ്, കൊലൊഷ്യൻസ്* (ആസ്റ്റിൻ, ടെക്സ്.: ഫേം ഫൗണ്ടേഷൻ പബ്ലിഷിങ് ഹൗസ്, 1977), 256.